ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:09.10.2026**

## പ്രധാനവാർത്തകൾ

1. ന്യൂഡൽഹിയിൽ നടക്കുന്ന വനിതാ-ശിശു വികസന വകുപ്പിൻറെ ഉച്ചകോടിയുടെ സമാപന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും.
2. സിഎംആർഎൽ - എക്സാലോജിക് കേസിൽ പ്രതിപക്ഷനേതാവ് പിണറായി വിജയൻ, മകൾ വീണ, മരുമകൻ മുഹമ്മദ് റിയാസ് എന്നിവർക്കെതിരെ അഴിമതി നിരോധന നിയമപ്രകാരം എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ ഹൈക്കോടതി നിർദ്ദേശം.
3. പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം തിങ്കളാഴ്ച ആരംഭിക്കും. സമ്മേളനം ഒമ്പത് ദിവസം.
4. കേരള പൊലീസിൻറെ അന്താരാഷ്ട്ര സൈബർ സുരക്ഷാ സമ്മേളത്തിന് കൊച്ചിയിൽ തുടക്കമായി.
5. സംസ്ഥാനത്ത് മഴ ശക്തിപ്രാപിക്കുന്നു. ഒൻപത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ മത്സ്യത്തൊഴിലാളികൾക്ക് ജാഗ്രത നിർദേശം

RNU TVPM

6. **ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് റാഞ്ചിയിൽ.**

## വനിതാ-ശിശു വികസന വകുപ്പ്

ന്യൂഡൽഹിയിൽ നടക്കുന്ന വനിതാ-ശിശു വികസന വകുപ്പിന്റെ ഉച്ചകോടിയുടെ സമാപന സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. ഉച്ചകോടിയിൽ എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമുള്ള വനിതാ-ശിശു വികസന മേഖലയിലെ പ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുക്കുന്നുണ്ട്. ദേശീയ മുൻഗണനകളിൽ കൂട്ടായ ഉത്തരവാദിത്തം ഉറപ്പാക്കുക, കേന്ദ്ര-സംസ്ഥാന സഹകരണം കൂടുതൽ ശക്തമാക്കി ലക്ഷ്യങ്ങൾ വേഗത്തിൽ കൈവരിക്കുക എന്നിവ ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന വകുപ്പുതല ഉച്ചകോടികളുടെ പരമ്പരയിലെ രണ്ടാമത്തേതാണിത്.

RNU TVPM

## ഹൈക്കോടതി- സിഎംആർഎൽ-എക്സാലോജിക്

സിഎംആർഎൽ - എക്സാലോജിക് കേസിൽ പ്രതിപക്ഷനേതാവ് പിണറായി വിജയൻ, മകൾ വീണ, മരുമകൻ മുഹമ്മദ് റിയാസ് എന്നിവർക്കെതിരെ അഴിമതി നിരോധന നിയമപ്രകാരം എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ ഹൈക്കോടതി നിർദ്ദേശം. എൻഫോഴ്സ്മെന്റ്

ഡയറക്ടറേറ്റ് നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രാഥമിക അന്വേഷണം കൂടാതെ തന്നെ സംസ്ഥാന പൊലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ ബാധ്യസ്ഥരാണോ എന്ന നിയമവശമാണ് കോടതി പ്രധാനമായും പരിഗണിച്ചത്. അതെസമയം, കോടതി വിധി പരിശോധിച്ചശേഷം തുടർനടപടികൾ സ്വീകരിക്കുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## പി. ജയരാജൻ

പ്രതിപക്ഷ നേതാക്കളെ വേട്ടയാടുന്ന ഇഡി നടപടിയുടെ ഭാഗമാണ് ഹൈക്കോടതിയിൽ നൽകിയ ഹർജിയെന്ന് സിപിഐഎം സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം

RNUTVPM

പി. ജയരാജൻ. കൃത്രിമമായ മൊഴിയാണ് നൽകിയതെന്ന് സിഎംആർഎൽ പ്രതിനിധികൾ സത്യവാങ്മൂലം നല്കിയിട്ടുണ്ട്. കേസിനെ രാഷ്ട്രീയമായും നിയമപരമായും നേരിടുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## കൊക്കൂൺ-ആഭ്യന്തരമന്ത്രി

കേരള പൊലീസിൻറെ അന്താരാഷ്ട്ര സൈബർ സുരക്ഷാ സമ്മേളനമായ കൊക്കൂൺ 2026 ന് കൊച്ചിയിൽ

തുടക്കമായി. ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. 20 സാങ്കേതിക സെഷനുകളിലായി 200 വിദഗ്ധർ രണ്ട് ദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വഴിയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുക, കുട്ടികൾക്കെതിരെയുള്ള ഓൺലൈൻ ചൂഷണങ്ങൾക്കെതിരെ പോരാടുക, ഡിജിറ്റൽ സുരക്ഷ ഉറപ്പാക്കുക എന്നിവയാണ് ഈ വർഷത്തെ പ്രധാന ചർച്ചാവിഷയങ്ങൾ.

❁❁❁❁❁❁❁❁❁❁❁❁❁

**കേരള നിയമസഭ**

പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം തിങ്കളാഴ്ച ആരംഭിക്കുമെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ. ഈ മാസം 29 വരെയാണ് സമ്മേളനം.

ഒക്ടോബർ 19 മുതൽ 23 വരെ അഞ്ചു ദിവസം അവധിയായിരിക്കും. ഒക്ടോബർ 29-ന് ഉച്ചയ്ക്ക് ഒന്നുമുതൽ രണ്ടുവരെ ധനവിനിയോഗ ബില്ലുകൾ സഭ പരിഗണിക്കുമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

PNU TVPM

## ഉപതെരഞ്ഞെടുപ്പ് ഫലം

മൂന്ന് സംസ്ഥാനങ്ങളിലെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലേക്കും അസമിലെ ഒരു ലോക്‌സഭാ മണ്ഡലത്തിലേക്കും നടന്ന ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ പുരോഗമിക്കുന്നു. തമിഴ്‌നാട്ടിൽ മധുരാന്തകം, ധാരാപുരം നിയസഭാ മണ്ഡലങ്ങളിൽ ഭരണകക്ഷിയായ ടിവികെയുടെ മുന്നേറ്റം. പുതുച്ചേരിയിലെ തട്ടാൻചാവാടി സീറ്റ് ഭരണകക്ഷിയായ ഓൾ ഇന്ത്യ എൻആർ കോൺഗ്രസ് നിലനിർത്തി. കോൺഗ്രസ് രണ്ടാം സ്ഥാനത്തും ഡിഎംകെ മൂന്നാംസ്ഥാനത്തുമായി. പശ്ചിമബംഗാളിലെ റെജിനഗർ, നന്ദിഗ്രാം മണ്ഡലങ്ങളിൽ ബിജെപി വൻ ലീഡ് നേടി വിജയത്തിലേക്ക് നീങ്ങുകയാണ്. അസമിലെ ഗാഗോൻ ലോക്‌സഭാ സീറ്റിൽ ബിജെപി സ്ഥാനാർത്ഥി ദേവാശിഷ് ശർമ്മ ലീഡ് ചെയ്യുന്നു.

RNU TVPM

## സേവാ സങ്കൽപ്-സ്പ്രെയ്‌സ്

പ്രധാനമന്ത്രി നരേന്ദ്രമോദി ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ബഹിരാകാശ രംഗത്ത് രാജ്യം കൈവരിച്ച സുപ്രധാന നേട്ടങ്ങളെക്കുറിച്ചാണ് ആകാശവാണി അവതരിപ്പിക്കുന്ന

പ്രത്യേക പരമ്പരയിൽ ഇന്ന്. സ്വയംപര്യാപ്തതയും, ശേഷി വികസനവും ലക്ഷ്യമിട്ടുള്ള നിരവധി പരിപാടികളാണ് ഈ മേഖലയിൽ നടപ്പാക്കുന്നത്. ബഹിരാകാശ രംഗത്ത് 440-ഓളം സ്റ്റാർട്ടപ്പുകളാണ് നിലവിൽ രാജ്യത്ത് പ്രവർത്തിക്കുന്നത്.

❋❋❋❋❋❋❋❋❋❋❋❋❋

## ടി ബി മുക്ത് ഭാരത് (ഇൻട്രോ)

ടി ബി മുക്ത് ഭാരത് അഭിയാന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ ജോയിന്റ് സ്ക്വാഡ് ഫോർ ഹെൽത്ത് -ജോഷ് ടീം സജ്ജമായി. ക്ഷയരോഗത്തെ ചെറുക്കുകയും സമൂഹത്തിൽ ബോധവത്കരണം നടത്തുകയുമാണ് ജോഷ് ടീമിന്റെ ലക്ഷ്യം.

***ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്..........***

***(വോയിസ്)***

❋❋❋❋❋❋❋❋❋❋❋❋❋

## ക്രിക്കറ്റ്

ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാമത്തെ മത്സരം ഇന്ന് റാഞ്ചിയിൽ നടക്കും. ഇന്ത്യൻ

RIJU TVPM

സമയം വൈകിട്ട് 7 മണിക്കാണ് മത്സരം. ആദ്യ മത്സരത്തിൽ ഇന്ത്യക്കായിരുന്നു വിജയം.

**കൊച്ചി- സി. ബി. എൽ (ഇൻട്രോ)**

ചാമ്പ്യൻസ് ബോട്ട് ലീഗ് ആറാം പാദ മത്സരങ്ങളും ഇന്ദിരാഗാന്ധി വള്ളംകളിയും നാളെ എറണാകുളം മറൈൻ ഡ്രൈവിൽ നടക്കും. വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് പരിപാടി.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി. നഹീമ.......***

***(വോയിസ്)***

**വി വി രാജേഷ്**

വ്യാജ ഒപ്പ് ആരോപണം ഉന്നയിക്കപ്പെട്ട ദിവസങ്ങളിൽ കൗൺസിലർ സുഗതൻ കോർപറേഷനിൽ എത്തിയിരുന്നു എന്നതിന് മാധ്യമ ദൃശ്യങ്ങൾ അടക്കമുള്ള തെളിവുകളുണ്ടെന്ന് തിരുവനന്തപുരം മേയർ വി.വി. രാജേഷ്. സി.പി.എം - കോൺഗ്രസ് കൂട്ടുകെട്ടിന്റെ ഭാഗമായാണ് യാതൊരു അടിസ്ഥാനവുമില്ലാത്ത പരാതിയിൽ

RNU TVPM

പൊലീസ് കേസെടുത്തതെന്ന് അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ

സമ്മേളനത്തിൽ അറിയിച്ചു. അടിസ്ഥാനരഹിതമായ ആരോപണം ഉന്നയിച്ചതിനാണ് മാനനഷ്ടക്കേസ് നൽകിയതെന്നും മേയർ വ്യക്തമാക്കി.

## റിഫോം ഉത്സവ്

സുഗന്ധവ്യഞ്ജന കയറ്റുമതി സാധ്യതകൾ വർധിപ്പിക്കുന്നത് ലക്ഷ്യമിട്ട് 'റിഫോം ഉത്സവ്' സെമിനാർ കൊച്ചിയിൽ നടന്നു. കേന്ദ്ര കൃഷി-കർഷകക്ഷേമ മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറി ഗ്യാനേന്ദ്ര

ഡി. ത്രിപാഠി ഉദ്ഘാടനം ചെയ്തു. ഈ മേഖലയിൽ 2030-ഓടെ

10 ബില്യൺ യു.എസ് ഡോളറിന്റെ കയറ്റുമതി കൈവരിക്കുകയാണ് ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു.

## മഴ- കേരളം

സംസ്ഥാനത്ത് മഴ ശക്തിപ്രാപിക്കുന്നു. ഒൻപത്

ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്. കള്ളക്കടൽ

RNUTVPM

പ്രതിഭാസത്തിൻറെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ നാളെ രാത്രി 11.30 വരെ കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണം.

❁❁❁❁❁❁❁❁❁❁❁❁❁

**നവരാത്രി ആഘോഷം**

തിരുവനന്തപുരത്തെ നവരാത്രി ആഘോഷങ്ങളുടെ ഭാഗമായുള്ള വിഗ്രഹ ഘോഷയാത്ര പത്മനാഭ പുരത്ത് നിന്ന് പുറപ്പെട്ടു. അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിൻ്റെ ഉടവാൾ കൈമാറ്റം നടന്നതോടെയാണ് വിഗ്രഹ ഘോഷയാത്രയ്ക്ക് തുടക്കമായത്. തേവാരക്കെട്ടിൽ സരസ്വതി വിഗ്രഹം ആനപ്പുറത്തും വേളിമല കുമാരസ്വാമി, ശുചീന്ദ്രം മുന്നൂറ്റിനങ്ക വിഗ്രഹങ്ങൾ പല്ലക്കിലുമാണ് എഴുന്നള്ളിച്ചത്. ഇന്ന് രാത്രി തമിഴ്നാട് കുഴിത്തുറ മഹാദേവക്ഷേത്രത്തിലെത്തി അവിടെ വിഗ്രഹങ്ങളെ ഇറക്കിപൂജ നടത്തും. നാളെ കേരളം - തമിഴ്നാട് അതിർത്തിയായ കളിയിക്കാവിളയിൽ എത്തുമ്പോൾ സംസ്ഥാന സർക്കാർ ഔദ്യോഗിക സ്വീകരണം നൽകും.

❁❁❁❁❁❁❁❁❁❁❁❁❁

**ലോക തപാൽ ദിനം**

ഇന്ന് ലോക തപാൽ ദിനം. സേവിംഗ്സ് ബാങ്ക്, ഇൻഷുറൻസ്,

ഇ-കോമേഴ്സ് ലോജിസ്റ്റിക്സ്, ഡിജിറ്റൽ സാമ്പത്തിക സേവനങ്ങൾ എന്നിവയിലൂടെ തപാൽ മേഖല കൈവരിച്ച ആധുനിക മാറ്റങ്ങളെ ജനങ്ങളിലേക്ക് എത്തിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. ലോക തപാൽ ദിനാഘോഷങ്ങളുടെയും ദേശീയ തപാൽ വാരാഘോഷത്തിന്റെയും ഭാഗമായി കേരള പോസ്റ്റൽ സർക്കിൾ തിരുവനന്തപുരം സംഘടിപ്പിച്ച വിവിധ പദ്ധതികളുടെ ഉദ്ഘാടനം ചീഫ് പോസ്റ്റ്മാസ്റ്റർ ജനറൽ അമിതാഭ് സിംഗ് നിർവ്വഹിച്ചു. ഫ്ലൈ ദുബായി പൈലറ്റ് സ്മിത് മച്ചാറിനെ ആദരിക്കാനായുള്ള പ്രത്യേക തപാൽ കവർ അദ്ദേഹം മേയർ വി. വി. രാജേഷിന് നൽകി പ്രകാശനം ചെയ്തു.

RNU TVPM

## യുജിസി നെറ്റ്

യുജിസി നെറ്റ് ഡിസംബർ സെഷനിലേക്കുള്ള രജിസ്ട്രേഷൻ നാഷണൽ ടെസ്റ്റിങ് ഏജൻസി ആരംഭിച്ചു. ജൂനിയർ റിസർച്ച് ഫെലോഷിപ്പ്, അസിസ്റ്റന്റ് പ്രൊഫസർഷിപ്പ്, പിഎച്ച്ഡി എന്നിവയ്ക്ക് യോഗ്യതയുള്ള ഉദ്യോഗാർഥികൾക്ക് ugcnet.nta.nic.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാം. ഈ മാസം 28 ആണ് അവസാന തീയതി. ഡിസംബർ 14 മുതൽ 19 വരെയായിരിക്കും പരീക്ഷ.

RNU TVPM